0321M53:11 F8

VIRAVINODAM

KRISHNA WARRIAR

032:1M953:11
F8

053:11 F8
ARRIER
MUL
051101

DOCTRINA VIM PROMOVET INSITAM

**Madras University Library.**

Call Number 032; 1M953:11 F8

Accession Number 51101

Available for loan from

This book should be returned on or before the date last marked below.

1

Veeravenodam

# ഒരു വീരവിനോദം

UNIVERSITY LIBRARY
MADRAS

M.R. Krishna Warrier (M.R.)

എം. ആർ. കൃഷ്ണവാരിയർ ബി. ഏ., എൽ. ററി.

(പകർപ്പവകാശം)

ലക്ഷ്മീസഹായം പ്രസ്സ്
കോട്ടക്കൽ
1928

വില 4-ണ

51101
032:1M953:11
F8

# ആമുഖം

ശ്രീമാൻ എം. ആർ. കൃഷ്ണവാര്യർ അവർകളുടെ "വീരവിനോദം" എന്ന ഈ കൃതി അദ്ദേഹം വാര്യർസംഘത്തിനു ദാനം ചെയ്തിരിക്കുന്ന വിവരം, സംഘകാര്യദർശിയുടെ നിലയിൽ ഇവിടെ പ്രസ്താവിക്കുവാനിടവന്നതിൽ എനിക്കമിതമായ സന്തോഷമുണ്ട്. ഇതിന്റെ വില്പനയിൽനിന്നു് സംഘംഫണ്ടിനു വർദ്ധനവും, സംഘാദർശങ്ങൾക്കു പ്രചാരവും ഉണ്ടാകണമെന്നാണ് ദാതാവായ കവിയുടെ ആഗ്രഹം. സംഘത്തിന്റെ വ്യവസ്ഥകളും പ്രവൃത്തികളും അറിവിൽപെടുന്ന എല്ലാവർക്കും വാര്യർസംഘത്തോട് ഈവിധം അനുഭാവമുണ്ടാകണമെന്നു പ്രാർത്ഥിച്ചുകൊള്ളട്ടെ.

വാര്യർസംഘത്തിനു് അന്യസമുദായവിദ്വേഷം ലേശമില്ല. എല്ലാ സമുദായങ്ങളും സ്വൈരമായി ഏകയോഗക്ഷേമമായി ജീവിക്കണമെന്നുതന്നെയാണ് സംഘത്തിന്റെ വിചാരം. എന്നാൽ ഒരു സമുദായത്തിൽതന്നെ അംഗങ്ങൾ ഭിന്നിച്ചു യോജിപ്പിനു പ്രതിബന്ധമായി വേലികൾ ഉണ്ടാക്കിയുറപ്പിച്ചു മത്സരബുദ്ധിയോടുകൂടി നിലകൊള്ളുന്ന ഇക്കാലത്തുനിന്നു് എത്രയോ വിദൂരമായ ഭാവിയിൽ നടപ്പിൽ വരാൻപോകുന്ന ഒരാദർശമാണിതു്. അതിലേയ്ക്കു് വാര്യന്മാരുടെ ആദ്യപ്രവർത്തനമായിട്ടാണ് വാര്യർജാതിയിൽപെട്ട എല്ലാവരും കൂടിക്കഴിയത്തക്ക ഒരു സംഘമായ ഈ വാര്യർസംഘത്തിന്റെ ഉൽഭവം.

അരിപ്പാട്ടു തൃപ്പക്കുടത്തുവാര്യത്തുവച്ചു് ഇരുപതുപേർ ചേർന്നു് 1098-ചിങ്ങമാസത്തിൽ അവിട്ടംനാളിൽ വാര്യർസംഘവ്യവസ്ഥകൾ എഴുതിയുണ്ടാക്കി. വാര്യർ സമുദായത്തിന്റെ സർവ്വതോമുഖമായ അഭിവൃദ്ധിക്കു വഴി തുറന്നുകിടക്കണമെന്നു പ്രവർത്തകർക്കുള്ള നിഷ്കർഷ അതിൽ സ്പ

ഷ്ടമാക്കീട്ടുണ്ട്. നടപടികൾ, അപ്പോഴപ്പോൾ പ്രചരിപ്പിക്കപ്പെട്ടിട്ടുള്ള ലഘുലേഖകളിൽനിന്നറിഞ്ഞിരിക്കാവുന്നതിനാൽ ഇവിടെ ഉദ്ധരിക്കുന്നില്ല. സംഘാംഗങ്ങളുടെ എണ്ണവും സ്വത്തും ക്രമേണ വർദ്ധിച്ചുവരുന്നതുതന്നെ സംഘം നടത്തിപ്പു വിപരീതരീതിയിലല്ലെന്നുള്ളതിനു സാക്ഷ്യം വഹിക്കുന്നുണ്ടല്ലോ.

വാര്യർജാതിയിലെ ജനസംഖ്യയുടെ വലിപ്പത്തെക്കവിഞ്ഞ് എത്രയോ മഹത്തരമായ നന്മകൾ കേരളീയസമുദായത്തിന് വാര്യന്മാരിൽനിന്നു ലഭിച്ചിട്ടുണ്ടെന്നുള്ള വസ്തുത ഓർമ്മയുള്ളവർക്ക് ഈ ജാതിയുടെ ക്ഷയോന്മുഖമായ ഇന്നത്തെ പോക്കു സന്താപജനകമായിരിക്കും. പൂർവ്വസ്മരണപോലും ഇല്ലാതെ രൂപംകൊണ്ടുമാത്രം മനുഷ്യരായും, 'കഴക'പ്രവൃത്തികൊണ്ടുമാത്രം വാര്യരായും നടക്കുന്ന ഇന്നത്തെ നാമമാത്രവാര്യന്മാരെ ഈശ്വരഭക്തിയും, കർത്തവ്യബോധവും, വിദ്യാസമ്പത്തുമുള്ളവരാക്കിത്തീർത്തു യഥാർത്ഥവാര്യർസംസ്കാരം സമുദായത്തിൽ പുനഃസ്ഥാപിക്കുന്നതിന് ഈ കവിതയുടെ പ്രചാരണം ഇടവരുത്തുന്നതായാൽ അതിൽപരം ഒരു കൃതാർത്ഥത കവിയായ സംഘാദ്ധ്യക്ഷനും അദ്ദേഹത്തോടിതു ദാനംവാങ്ങിയ സംഘത്തിലെ അംഗങ്ങൾക്കും ഉണ്ടാകാനില്ല. ഈ കൃതി വാര്യർസംഘത്തിന്നു സദയം ദാനംചെയ്ത സ്വജനസ്നേഹിയായ കവിക്കും, ഈ കൃതിക്ക് സന്ദർഭോചിതവും, സരസപ്രൌഢവുമായ അവതാരിക എഴുതിത്തന്ന കവനകൌമുദി പത്രാധിപർ, ശ്രീമാൻ പി. വി കൃഷ്ണവാരിയരവർകൾക്കും സംഘം പ്രത്യേകം കടപ്പെട്ടിരിക്കുന്നു. ശ്രീവല്ലഭൻ സഹായിക്കട്ടെ.

തിരുവല്ല
22—11—1103

എസ്. ശങ്കരവാര്യർ
ബി. ഏ., എൽ. ടി.
കാര്യദർശി,—വാര്യർസംഘം

# അവതാരിക

പത്തിരുപതുകൊല്ലത്തിനു മുമ്പൊരുദിവസം, ഈ ദിക്കുകാരനായ ഒരു വക്കീൽ എന്റെ അടുക്കൽ വന്ന്, തന്റെ കുട്ടിയെ സംസ്കൃതം പഠിപ്പിക്കുവാൻ ഒരു വാരിയരെ കിട്ടിയാൽ കൊള്ളാമെന്നാവശ്യപ്പെടുകയുണ്ടായി. "എന്താണിങ്ങിനെ പറയുന്നത്? സംസ്കൃതം പഠിപ്പിക്കുവാൻ ആരെയെങ്കിലും കിട്ടുകയില്ലേ? വാരിയർതന്നെ വേണമെന്നു ശാഠ്യമുണ്ടോ?" എന്നു ഞാൻ ആശ്ചര്യഭാവത്തിൽ ചോദിച്ചതിനു, വാരിയർതന്നെ വേണമെന്നും, അവർക്കാണ് പാരമ്പര്യമായി സംസ്കൃതം നിശ്ചയമുള്ളതെന്നും അദ്ദേഹം ക്ഷണത്തിൽ മറുപടി പറഞ്ഞു. ഇങ്ങിനെ ഒരു വിശ്വാസം മുമ്പു പലർക്കുമുണ്ടായിരുന്നു എന്നും, ഇപ്പോഴും ചിലർക്കു വിട്ടിട്ടില്ലെന്നും എനിക്കറിവാനിടയായിട്ടുണ്ട്. എന്നാൽ ഇന്നത്തെ സ്ഥിതി നോക്കുമ്പോൾ ഇത് ഒരു വെറും ധാരണയായിരിക്കുന്നു എന്നു വ്യസനപൂർവ്വം പറയാതിരിക്കാൻ നിവൃത്തിയില്ല. വാരിയന്മാരുടെ പണ്ടത്തെ സ്ഥിതിയാണ് ഇന്നും ഇങ്ങിനെ ഒരു ധാരണക്കിടവരുത്തിയിട്ടുള്ളതെന്നു പൂർവ്വചരിത്രംകൊണ്ടറിയാൻ പ്രയാസമില്ല.

ഇപ്പോൾ കിട്ടാവുന്ന പല ലക്ഷ്യങ്ങളും പരിശോധിച്ചും, കഴിയുന്നവിധത്തിലൊക്കെ അന്വേഷണം നടത്തിയും എന്റെ ജ്യേഷ്ഠൻ പി. എസ്സ്. വാരിയരവർകൾ കുറച്ചുകാലം മുമ്പെഴുതി പ്രസിദ്ധപ്പെടുത്തിയ 'വാരിയന്മാർ' എന്ന

ചെറുപുസ്തകത്തിൽ പ്രസ്തുതസമുദായത്തിന്റെ ഉല്പത്തി മുതലായ സംഗതികളെപ്പററി കൂലങ്കഷമായി നിരൂപണം ചെയ്തിട്ടുള്ളതുകൊണ്ട് ആ ഭാഗമൊന്നും ഇവിടെ വിസ്തരിക്കണമെന്നു വിചാരിക്കുന്നില്ല. വാരിയർ എന്നോ വാരിജൻ എന്നോ പറയുന്ന പദം പാരശവൻ അഥവാ പാർശവജൻ എന്ന സംസ്കൃതശബ്ദത്തിന്റെ തൽഭവമാണെന്നു തീർച്ചയാണ്. പരശുരാമന്റെ അനുയായികൾ എന്നായാലാണ് പാരശവശബ്ദത്തിന്ന് ഉപപത്തിയുള്ളത്. പാർശവജൻ എന്നാണെങ്കിൽ, പാർശവത്തിൽനിന്നു (തൊട്ടുകിടക്കുന്ന അയൽരാജ്യത്തിൽനിന്നു) ജനിച്ചവനെന്നാണർത്ഥം. ആ പാർശവരാജ്യം പാരസീകംതന്നെയാവണം. എന്തുകൊണ്ടെന്നാൽ, പ്രാചീനഭാരതഖണ്ഡം ഇപ്പോഴത്തെ കാൻഡഹാറായ ഗാന്ധാരവും മററും ഉൾപ്പെടുന്ന അഫ്ഗാൻരാജ്യം കൂടിച്ചേർന്നതായിരുന്നു എന്നു ചരിത്രകാരന്മാരൊക്കെ സമ്മതിച്ചിട്ടുള്ളതാണല്ലോ. അപ്പോൾ ആ ഭാഗത്തെ പാർശവരാജ്യം പേർഷ്യാ എന്നു പറയുന്ന പാരസീകംതന്നെയാവാതെ തരമില്ല.

ഈ അഭിപ്രായപ്രകാരം മുവ്വേഴുവട്ടം ക്ഷത്രിയരാജാക്കന്മാരെ നിഗ്രഹിക്കുന്നതിന്നു ഭൃഗുകച്ഛത്തിലെ ഭൃഗുരാമൻ പാർശവജന്മാരായ ചിലരെ സഹായത്തിന്നു വരുത്തിയിരിക്കുവാനിടയുണ്ട്. പരശുരാമപക്ഷക്കാരായ അന്നത്തെ ബ്രാഹ്മണരോ, മററു ജാതിക്കാരോ സാമാന്യേന ശസ്ത്രധാരികളായിരുന്നു എന്നു വിചാരിപ്പാൻ വഴികാണാത്തതുകൊണ്ടു മഹാവീരന്മാരായ അസംഖ്യം ക്ഷത്രിയരാജാക്കന്മാരോ

ട്ടു യുദ്ധം ചെയ്വാൻ പരശുരാമനു പരസഹായം കൂടാതെ കഴിഞ്ഞിരുന്നു എന്നു പറയുവാനും യുക്തിയില്ലല്ലോ. എന്നുമാത്രമല്ല, ക്രിസ്തുവർഷത്തിന്നു വളരെ മുമ്പുതന്നെ പേർഷ്യയിൽനിന്ന് ഇൻഡ്യയുടെ പശ്ചിമതീരങ്ങളിൽ പാരസീകന്മാർ വന്നുകൊണ്ടിരുന്നു എന്നു ചരിത്രകാരന്മാരൊക്കെ പറയുന്നതിന്റെ പുറമെ, "പാരസീകാംസ്തതോജേതും പ്രതസ്ഥേ സ്ഥലവർത്മനാ" എന്നു കാളിദാസമഹാകവി പറഞ്ഞുകാണുന്നതുകൊണ്ട് അക്കാലത്തു കാൽനടയായും പേർഷ്യയിലേക്കു പോക്കുവരവുണ്ടായിരുന്നു എന്നുതന്നെ വിശ്വസിക്കേണ്ടിയിരിക്കുന്നു. ഇങ്ങിനെ ഏതുവിധം നോക്കിയാലും പരശുരാമന്റെയും അദ്ദേഹത്തിന്റെ പക്ഷത്തിൽ നിന്നിരുന്ന ബ്രാഹ്മണരുടേയും സംരക്ഷണത്തിന്നോ സഹായത്തിന്നോ മതിയാകണമെങ്കിൽ പാർശ്വജന്മാർ അതായത് വാരിയന്മാർ ആദ്യകാലത്തു തീർച്ചയായും ശസ്ത്രധാരികളായിരുന്നു എന്നു സമ്മതിക്കാതെ കഴിയില്ല.

നവീനചരിത്രകാരന്മാർ എന്തൊക്കെ യുക്തികളും വാദങ്ങളും കൊണ്ടുവന്നാലും, പരശുരാമനും കേരളവുമായി എന്തോ ഒരു പ്രത്യേകബന്ധമുണ്ടെന്നും, കേരളബ്രാഹ്മണരെ ആദ്യം ഇവിടെ കൊണ്ടുവന്നു പ്രതിഷ്ഠിച്ചതിൽ പ്രധാനനേതാവ് അദ്ദേഹമായിരുന്നു എന്നും തീർച്ചയാണ്. പ്രാചീനങ്ങളായ സകലലക്ഷ്യങ്ങളും ഇതിന്നനുകൂലിക്കുന്നതിന്നു പുറമേ, അന്നുമുതൽ ഇന്നേവരെ നിലനിൽക്കത്തക്ക ദൃഢമൂലമായ ശാബ്ദപ്രമാണവും നമുക്കു സ്വീകരിക്കാതെ കഴിവില്ല. അതിനെപ്പറ്റി ഇവിടെ വാഗ്വാദം ചെയ്യേ

ങ്ങൾ ആവശ്യമില്ല. കേരളബ്രാഹ്മണർ കുടിയേറിപ്പാർത്തതായ ഈ രാജ്യത്തെ ആദ്യം നാലു "കഴക"മായിട്ടാണ് വിഭജിച്ചതെന്നു കേരളോല്പത്തിയിൽ കാണുന്നു. ചരിത്രകാരന്മാരും അതു സമ്മതിക്കുന്നുണ്ടല്ലോ. ആ 'കഴക'ങ്ങളിലെ രക്ഷാപുരുഷന്മാർക്ക് ആദ്യം അംഗരക്ഷകന്മാരായിരുന്നതു തീർച്ചയായും വാരിയന്മാർ മാത്രമാണ്. ബ്രാഹ്മണരാരും അതുവരെ ആയുധം തൊട്ടിരുന്നില്ലെന്നും, പിന്നീടാണ് ആയുധം വാങ്ങിയതെന്നും, അതുനിമിത്തം അവർക്കു പാതിത്യംതന്നെ വന്നുപോയിരിക്കുന്നു എന്നും സ്പഷ്ടമായി കാണുന്നുണ്ടല്ലോ. ഒരു രാജ്യത്തു പുതുതായി വന്നു കുടിപാർക്കുന്നവർക്ക് ആ ദിക്കുകാർ ആദ്യത്തിൽ അംഗരക്ഷകന്മാരായിരുന്നു എന്നു വരുവാനും തരമില്ല. ഇങ്ങിനെ നോക്കുമ്പോൾ വാരിയന്മാർ ആദ്യത്തിൽ പരശുരാമനൊന്നിച്ചു ശസ്ത്രത്തോടുകൂടിയാണ് കേരളത്തിലെത്തീട്ടുള്ളതെന്നും, ആദ്യത്തെ നാലു കഴക(വിഭാഗ)ങ്ങളിലും അവരുടെ സംരക്ഷണമാണുണ്ടായിരുന്നതെന്നും വിശ്വസിക്കാതിരിപ്പാൻ വഴികാണുന്നില്ല.

അറുപത്തിനാലു ഗ്രാമങ്ങളിലായി താമസിച്ചുവന്നിരുന്ന നമ്പൂതിരിമാർക്കെല്ലാം അവരവരുടെ ഗ്രാമക്ഷേത്രങ്ങളായിരുന്നു പൊതുവിലുള്ള സങ്കേതം. അതുനിമിത്തം അക്കാലത്തു് അംഗരക്ഷകന്മാരായ വാരിയന്മാർക്കും ക്ഷേത്രങ്ങളുടെ സമീപം താമസിക്കേണ്ടതായി വന്നുകൂടി. അങ്ങിനെയാണ് ആദ്യത്തെ നാലു 'കഴകം' ക്രമേണ ഗ്രാമക്ഷേത്രങ്ങളിലെല്ലാം ഓരോ 'കഴക'മായിത്തീർന്നതു്. അക്കാലംമുതൽക്കുതന്നെയാണ് നമ്പൂതിരിമാർക്കു പിതൃകർമ്മം മുതലാ

യഷ്ടിളു കർമ്മംചെയ്യുന്നതിനും, ഔപാസനം (അഗ്നി) സൂക്ഷിക്കുവാനും ബ്രാഹ്മണാലയങ്ങളിലല്ലെങ്കിൽ വാരിയന്മാരുടെ ഭവനങ്ങളിൽ മാത്രമേ പാടുള്ളു എന്നാണ് നിശ്ചയം. രക്ഷയില്ലാത്തസ്ഥലത്ത് ആരുമൊന്നുംസൂക്ഷിക്കുക പതിവില്ലാത്തതിനാൽ ബ്രാഹ്മണരുടെ രക്ഷ അനവധികാലത്തോളം വാരിയന്മാരുടെ കയ്യിലായിരുന്നു എന്നു വരുന്നുണ്ടല്ലോ.

കാലക്രമേണ പരദേശങ്ങളിൽനിന്നു പല ജാതിക്കാരും തരക്കാരും കേരളത്തിൽ വന്നു കുടിപാർക്കുകയാൽ ജനസംഖ്യ വർദ്ധിച്ചുവന്നു. രാജ്യഭരണവ്യവസ്ഥകൾ വലിയ മാററങ്ങൾ വന്നു തുടങ്ങി. നമ്പൂതിരിമാർ ഭാരമൊക്കെ കഴിഞ്ഞ് പരദേശികളെ കൊണ്ടുവന്നു 'പെരുമാക്കന്മാരാ'യി അവരോധിച്ചുതുടങ്ങുകയും, അവരുടെ പ്രവേശത്തോടൊന്നിച്ചു പുതിയ സൈന്യങ്ങളും രക്ഷാസാമഗ്രികളും അധികമധികം ഉണ്ടാകയും ചെയ്യുതോടുകൂടി വാരിയന്മാരുടെ രക്ഷ അത്യാവശ്യമല്ലാതായിവരികയും, രക്ഷാധികാരത്തോടുകൂടിയ അവരുടെ പണ്ടത്തെ 'കഴകം' കേവലം ദേവബ്രാഹ്മണശുശ്രൂഷയായ ഇന്നത്തെ 'കഴക'മായിത്തീരുകയും ചെയ്തു. അനവധി പാരമ്പര്യം കഴിയുമ്പോൾ ജനങ്ങൾക്ക് പൂർവ്വസ്മരണ പ്രായേണ വിട്ടുപോകുന്നതു സാധാരണമാകയാൽ അനേകം നൂററാണ്ടുകൊണ്ട് ഈ കഥയൊക്കെ മറക്കുവാനും, അല്ലെങ്കിൽ ചിലതു മറയ്ക്കുവാനും ഇടവന്നതാണ്.

ഈ കൂട്ടത്തിൽതന്നെ ഒരു സംഗതികൂടി ആലോചിക്കേണ്ടതായിട്ടുണ്ട്, കേരളത്തിൽ നമ്പൂതിരിമാർ വന്നുകു

ടിയ ആദികാലംമുതൽക്ക് ഇന്നേവരെ അവരുടെ കൂട്ടത്തിൽ മാത്രമല്ല, സകലജാതിക്കാരിലുംവെച്ച് അധികം ശ്രേഷ്ഠത്വം കല്പിച്ചിട്ടുള്ളത് ആഴ്വാഞ്ചേരി തമ്പ്രാക്കൾക്കാണല്ലോ. ബ്രാഹ്മണർമുതൽക്ക സകലരും സമ്രാട്ടായി ഭക്തിബഹുമാനപുരസ്സരം സമാരാധിച്ചുപോരുന്ന തമ്പ്രാക്കളുടെ കുടുംബം ഇന്നും സത്യധർമ്മനിഷ്ഠകൊണ്ട് അതിന്റെ പൂർവ്വമഹിമയെ പരിപാലിച്ചുപോരുന്നുണ്ട്. അത്രയും പ്രശസ്തമായ ഒരു സ്ഥലത്ത്, വാരിയന്മാക്ക പിന്നീട്ട മററു സ്ഥലങ്ങളിലില്ലാതായിട്ടുള്ള ചില പ്രത്യേകസ്വാതന്ത്ര്യങ്ങൾ ഇന്നും നിലനിന്നുകാണുന്നുണ്ടല്ലോ. സത്യസംഗരന്മായ തമ്പ്രാക്കൾ വാരിയന്മാരിൽനിന്നു മുമ്പു സിദ്ധിച്ച സഹായസഹകരണങ്ങളൊന്നും വിസ്മരിക്കാത്തതിനാലാണ് ഇന്നും പണ്ടത്തെ സ്വാതന്ത്ര്യം അവിടെ അനുവദിച്ചുവരുന്നതെന്നു തീർച്ചയാണ്.

മേൽപ്രസ്താവിച്ചപ്രകാരം വാരിയന്മാക്ക ശസ്ത്രധാരണത്തിന്റെ ആവശ്യം ചുരുങ്ങിയപ്പോൾ അവരുടെ ദൃഷ്ടി ശാസ്ത്രത്തിലേക്ക തിരിഞ്ഞു. നായന്മാർ യുദ്ധത്തിനുള്ള ആയുധം ഉപേക്ഷിച്ചപ്പോൾ കൃഷിക്കുള്ള ആയുധമാണല്ലോ കയ്യിലെടുത്തത്. ആ കൂട്ടത്തിൽ വാരിയന്മാരുടെ ശ്രദ്ധ തിരിഞ്ഞതു സാഹിത്യത്തിലേക്കാണ്. 'അമ്പലവാസിവൃത്തി'കൊണ്ടും, ഈശ്വരഭജനം മുതലായ പരിശുദ്ധകൃത്യംകൊണ്ടും സാഹിത്യദേവി അവരിൽ ക്ഷണത്തിൽ പ്രസാദിക്കുവാനിടയായി. ബ്രാഹ്മണരുമായി അടുത്തുള്ള പെരുമാററവും അവർക്കിതിലെളുപ്പമുണ്ടാക്കിത്തീർത്തു. അങ്ങി

ന്നെ അവർ കാവ്യനാടകാദികൾക്കു പുറമെ, വൈദ്യം, ജ്യോതിഷം മുതലായ പ്രത്യേകശാസ്ത്രങ്ങൾകൂടി പഠിക്കുവാനും അതിലൊക്കെ പ്രസിദ്ധിസമ്പാദിക്കുവാനും സംഗതി വന്നു. നമ്പൂതിരിമാരുടെ കയ്യിൽനിന്നു വ്യാകരണം മറ്റുള്ളവക്കു കിട്ടിയതു് ആദ്യമായി വാരിയന്മാർമുഖാന്തരമാണെന്നും, കേരളത്തിൽ വിദ്വത്ത്വത്തിന്നു വിഖ്യാതമായ കൂടല്ലൂർ എന്ന നാറീരിമനയ്ക്കലെ ഒരു വിദ്വാൻ നമ്പൂതിരിപ്പാട്ടു് സ്വപുത്രനായ ദേശമംഗലത്തു വാരിയരെ (നമ്പൂതിരിമാരല്ലാത്ത കേരളീയരിലൊരാളെ)യാണു് ആദ്യം വ്യാകരണം പഠിപ്പിച്ചതെന്നും മഹാവിദ്വാനായ പുന്നശ്ശേരിനമ്പി നീലകണ്ഠശർമ്മാവവർകൾ ഒരവസരത്തിൽ ഇതെഴുതുന്ന ആളോടു പറകയുണ്ടായിട്ടുണ്ടു്. ഈ ഒരു സംഗതി വേറേയും ധാരാളം കേട്ടിട്ടുണ്ടു്. ഇങ്ങിനെ ഏതാണ്ടു് ഒരായിരം കൊല്ലത്തോളം വാരിയന്മാർ സംസ്കൃതത്തിൽ പരിചയിച്ചുകൊണ്ടുകഴിഞ്ഞിട്ടുണ്ടായിരിക്കണം. അതുനിമിത്തമാണു്, വാരിയന്മാർ പാരമ്പര്യമായി പ്രായേണ സംസ്കൃതമഭ്യസിക്കുവാനും, ഈ ഉപന്യാസത്തിന്റെ പ്രാരംഭത്തിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ അവൎക്കാണു് സംസ്കൃതം നിശ്ചയമുള്ളുവെന്നു പരക്കെ ഒരു ധാരണയുണ്ടാകുവാനും ഇടവന്നതു്.

ഇനിയും വാരിയന്മാരുടെ ശാസ്ത്രപാണ്ഡിത്യം വിട്ടു് ശസ്ത്രപരിചയത്തിലേക്കുതന്നെ കടന്നുനോക്കാം. ആദ്യകാലത്തു വാരിയന്മാരുടെ കുലവിദ്യയായിരുന്ന ശസ്ത്രപരിചയം മുമ്പുപറഞ്ഞപ്രകാരം പരദേശികളുടെ പ്രാഭവം പ്രബലമായതോടുകൂടി കേരളത്തിൽ പൊതുവിലില്ലാതായെ

ങ്കിലും, അവരിൽ എല്ലാവരും ഈ അടുത്തകാലംവരെ ആളു തീരെ ഉപേക്ഷിച്ചിരുന്നില്ലെന്നു തെളിയിക്കാൻ പ്രയാസമില്ല. കേരളത്തിലെ പ്രധാനപ്പെട്ട രാജാവായ സാമൂതിരിപ്പാട്ടിലെ സേനാനായകൻ തറക്കൽവാരിയരായിരുന്നു. അക്കാലങ്ങളിൽ അവിടെയുള്ള പടത്തലവന്നു ‘തൃസന്നോർ’ എന്നാണു് പറഞ്ഞിരുന്നതു്. മുമ്പു സാമൂതിരികോവിലകത്തുനിന്നു "മേനോൻ വായിച്ചിട്ടു"ള്ളതിനാൽ തറക്കൽ കാരണവരായാൽ ‘മേനോൻ’ എന്നു കൂട്ടിപ്പറയുക പതിവാണു്. തറക്കലെ ഉണ്ണിക്കണ്ടമേനോൻ, ശങ്കരമേനോൻ, എന്നീ രണ്ടു മഹാന്മാരായ അഭ്യാസികളുടെ അൽഭുതപരാക്രമങ്ങളെപ്പററി ഇന്നും പഴമക്കാർ പല കഥകളും പറഞ്ഞു കേൾക്കാം. കൊച്ചിയിലെ ഒരു രാജാവു പറഞ്ഞിരുന്ന ‘കാലനുണ്ണിക്കണ്ടൻ’ ഈ പറഞ്ഞ ഒരു മഹാൻതന്നെയായിരുന്നു. ഇവരുടെ കാലത്തിനുശേഷമാണു് ഹൈദരാലി ഒന്നാമതായി സാമൂതിരിരാജാവിനോടെതിർത്തതു്. ഇന്നും ഒരു സാമൂതിരിരാജാവു് അവതരിച്ചു്, പിന്നത്തെ സ്ഥാനിപട്ടം കെട്ടുമ്പോൾ തറക്കൽ വാരിയർ സൈന്യാധിപന്റെ നിലയിൽ ഹാജരാവണമെന്നു നിശ്ചയമുണ്ടു്.

ഇതുപോലെതന്നെ വെള്ളാട്ടരരാജാവിന്റെ പടനായകസ്ഥാനം കുളത്തൂർ വാരിയത്തേക്കു പണ്ടേക്കുപണ്ടേ ഉള്ളതിന്നു് ഇന്നും മാററം വന്നിട്ടില്ല. വള്ളുവക്കോനാതിരിയുടെ സ്ഥാനാരോഹണത്തിനും മററും അവരുടെ സാന്നിദ്ധ്യം ഇന്നും ഒഴിച്ചുകൂടാത്തതായി വെച്ചിട്ടുണ്ടു്. ഇതുകൂടാതെ മററു ചില രാജാക്കന്മാൎക്കും പ്രഭുക്കന്മാൎക്കും വാരിയന്മാ

രുടെ ശസ്ത്രസഹായം ഉണ്ടായിരുന്നു എന്നുകൂടി കാണാവുന്നതാണ്. പാലിയത്തച്ചന്റെ അംഗരക്ഷകന്മാരുടെ കൂട്ടത്തിൽ കണ്ണമ്പുഴ വാരിയന്മാരുമുണ്ടായിരുന്നു എന്നറിയുന്നു. അച്ചനും കൊച്ചിരാജാവുമായി കൂഴ്ടരുവെച്ചുണ്ടായ ഒരു യുദ്ധത്തിൽ കണ്ണമ്പുഴ വാരിയർ പ്രത്യേകം അംഗരക്ഷകനായി നിന്നു സഹായിച്ചതിനാലത്രെ ഈ അടുത്ത കാലംവരെ പാലിയത്തുനിന്ന് ആ വാരിയത്തേക്കു വർഷാശനം (കൊല്ലംതോറും കുറേ നെല്ലു) കൊടുത്തിരുന്നത്. ഇന്നും കണ്ണമ്പുഴവാരിയർ കാണ്മാൻ ചെന്നാൽ പാലിയത്തുനിന്നു വിശേഷാൽ ഓണപ്പുടവ കൊടുക്കുക പതിവുണ്ട്.

ഈ കൂട്ടത്തിൽ, ഇതെഴുതുന്ന ആളുടെ പൂർവ്വന്മാർ കോട്ടയത്തു രാജാവിന്റെ സൈന്യാധിപന്മാരായിരുന്നു എന്നുകൂടി പറഞ്ഞുകൊള്ളട്ടെ. ഞങ്ങളുടെ പൂർവ്വസ്ഥലം കുറുമ്പ്രനാട്ടുതാലൂക്കിൽ ബാലശ്ശേരി കോട്ടയിൽനിന്നു സുമാർ രണ്ടുമൂന്നുനാഴിക തെക്കു നന്മണ്ട അംശത്തിലായിരുന്നു. അവിടെ ഉണ്ടായിരുന്ന രാഘവവാരിയരായിരുന്നു ടിപ്പുവിന്റെ ആക്രമകാലത്തു കോട്ടയം രാജവംശത്തിലെ പടത്തലവസ്ഥാനം അലങ്കരിച്ചിരുന്നത്. അന്നത്തെ കലാപത്തിൽ രാജവംശത്തോടുകൂടി അദ്ദേഹം തിരുവിതാംകൂറിൽ പോയി താമസിച്ചു. കലാപം കഴിഞ്ഞു മടങ്ങിയശേഷം ചെറവണ്ണൂർനിന്നു കിഴക്കുതെക്കായി കൊച്ചിശ്ശീമയിൽപെട്ട പൈങ്കുളത്തുവാരിയത്തു ചെന്ന് അവിടെയാണ് അദ്ദേഹം മരണപര്യന്തം താമസിച്ചിട്ടുള്ളത്. ആജാനുബാഹുവും അതിവിദഗ്ദ്ധനായ ഒരഭ്യാസിയും ആയിരുന്ന അദ്ദേഹത്തി

ന്ന് അവിടെ ഉണ്ടായിരുന്ന രണ്ടു പെൺമക്കളിൽ ഒരാളുടെ ദൌഹിത്രൻ കൃഷ്ണവാരിയരാണ് ഈ ലേഖനകർത്താവിന്റെ സാഹിത്യഗുരു. മേൽപറഞ്ഞ സംഗതികൾ അദ്ദേഹത്തിൽനിന്നും കേട്ടിട്ടുള്ളതാണ്. ആ രണ്ടു സ്ത്രീകളും അരോഗദൃഢഗാത്രികളായി തൊണ്ണൂറെറട്ടും, തൊണ്ണൂററഞ്ചും വയസ്സുവരെ ജീവിച്ചിരുന്നിട്ടുണ്ട്.

പ്രസ്തുതപുസ്തകത്തിലെ കഥയും ഈ കൂട്ടത്തിൽപെട്ടതുതന്നെയാണ്. കായങ്കുളത്തു രാജാവിന്റെ മന്ത്രിസ്ഥാനവും പടത്തലവന്റെ പദവും അലങ്കരിച്ചിരുന്ന എരുവയിൽ അച്യുതവാരിയരുടെ പല കഥകളും പഴയ ആളുകൾ ഇന്നും പറഞ്ഞുവരുന്നുണ്ടല്ലോ. അന്തരിച്ചുപോയ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സുകൊണ്ട് അച്യുതവാരിയരുടെ അത്ഭുതപരാക്രമങ്ങളെപ്പററി പല കഥകളും പറകയുണ്ടായിട്ടുണ്ട്. മറ്റാരക്കൊന്നും കായങ്കുളം പിടിക്കാൻ സാധിക്കയില്ലെന്നു കണ്ടപ്പോൾ രാമയ്യർ ചതിയിലാണ് അച്യുതവാരിയരെ കുടുക്കിയത്. ആ നിലയിൽ തിരുവിതാംകൂർ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ സന്നിധിയിൽ ഹാജരാക്കപ്പെട്ടപ്പോൾ രാജമുദ്രയായ വാൾ വാങ്ങുവാൻ രാജാവ് ആവശ്യപ്പെട്ടതിന്നു നമ്മുടെ കഥാനായകൻ പറഞ്ഞ മറുപടി നോക്കുക:—

"ആണായൊരച്ഛനു പിറന്നവനാണു മുമ്പിൽ
കാണായൊരീവിരുതു നിപ്പണീ പറകില്ല;
പ്രാണാവസാനമടിയന്നണയാതെകണ്ടു
കേണാലുമൊട്ടുമവിടുന്നു ജയിക്കയില്ല."

വല്ലേടം തടവിൽ പിടിച്ചടിയനെ-
ബ്ബന്ധിച്ചടിച്ചീടിലും
ചെല്ലേണ്ടും സമയം പടിത്തലയിലു-
ണ്ടീയഭൃത്യൻ നിശ്ചയം;
അല്ലേ മന്നവ, നീ ജയത്തിനു നയം
കണ്ടോളു'മെന്നാനവൻ—
ചൊല്ലേണ്ടാ കഥ, പിന്നെയുള്ളൊരു ഫലം
കായങ്കുളം കായലിൽ".

നോക്കുക ഒരു നെഞ്ഞൂക്ക്! ഭയത്തിനും പ്രലോഭനത്തിനും കീഴടങ്ങുന്നില്ലെന്നല്ല, സ്വാമിഭക്തിനിമിത്തം സ്വജീവനെക്കൂടി ഈ ബലശാലി ബലികൊടുക്കുകയും ചെയ്യുന്നു. അങ്ങിനെയുള്ള ഒരു മഹാപുരുഷന്റെ പ്രായാധിക്യത്തിലുള്ള ഒരു വൈരംവിനോദമാണിതിലെ കഥാവസ്തു. തന്റെ തന്ത്രങ്ങളൊന്നും ഫലിക്കുകയില്ലെന്നു കണ്ടപ്പോൾ വിനോദമെന്നുള്ള വ്യാജേന വാരിയരെപ്പററിക്കുവാൻ ശ്രമിച്ച സാക്ഷാൽ രാമയ്യനേയും, അദ്ദേഹത്തിന്റെ ഒന്നാന്തരത്തിലുള്ള മൂന്നൂറ് അശ്വഭടന്മാരെയും നമ്മുടെ കഥാപുരുഷൻ ഏകനും നിരായുധനുമായി രണ്ടുവിധത്തിൽ 'ശോപിതൊട്ടുവിക്കുക'യാണ് ചെയ്തിട്ടുള്ളതെന്ന് ഇതിൽനിന്നും മനസ്സിലാക്കാം.

പ്രസ്തുതകാവ്യം, സുപ്രസിദ്ധഭാഷാകവിയായ എം. ആർ. കൃഷ്ണവാരിയർ (ബി. ഏ., എൽ. ടി.) അവർകളുടെ ഒരു ചെറുകൃതിയാണ്. അപ്രതിഹതമായ വാക്പ്രസരം, അശിഥിലമായ ആശയഭംഗി, സന്ദർഭസുന്ദരമായ വർണ്ണ

നം ഈവകയാണ് കൃഷ്ണവാരിയരവർകളുടെ കാവ്യനിർമ്മാ
ണത്തിലുള്ള വിശേഷങ്ങളെന്നു ഭാർഗ്ഗവി, ശൈവൻ, കുതം
ബെ, ചീരൻ, സുമിത്ര മുതലായ പല കൃതികളെക്കൊണ്ടും സ്പ
ഷ്ടമായിട്ടുണ്ടല്ലോ. “ജാതിനാമാദികൾക്കല്ലാ ഗുണഗണ”
മെന്നു ദൃഷ്ടാന്തപൂർവ്വം തെളിയിക്കാൻ ഇദാനീന്തനകവിക
ളിൽ ഇദ്ദേഹത്തേക്കാളധികമാരും ശ്രമിച്ചിട്ടില്ല. തന്റെ
ആദർശങ്ങൾ അത്യുത്തമങ്ങളായിരിക്കാനും, അതിന്നനുസ
രിച്ച് ആശയങ്ങളെ സ്ഫുടമായി പ്രകടിപ്പിക്കുവാനും ഇത്ര
യും ധൈര്യമുള്ള കവികൾ ഇന്നുവളരെ ചുരുക്കമാണ്. ഇടു
ങ്ങിയ പരിധികളിൽ കിടന്നു വട്ടംതിരിയാതെ, അശ്വ
മേധത്തിനഴിച്ചുവിടുന്ന അശ്വരത്നത്തെപ്പോലെ, തന്റെ
ആശയത്തെ യഥേഷ്ടം പുറത്തുവിടുവാൻ നമ്മുടെ കവിക്ക്
ഒരു കൂസലുമില്ല. പ്രസ്തുതകാവ്യത്തിലും അതുതന്നെയാ
ണ് ഇദ്ദേഹം പ്രവർത്തിച്ചിട്ടുള്ളതെന്നു വായനക്കാർക്കുതന്നെ
മനസ്സിലാകുവാൻ പ്രയാസമില്ലാത്തതിനാൽ ഞാനതിന്നു
ദ്യമിക്കേണ്ടതില്ലല്ലോ. നൂറിലകം ശ്ലോകങ്ങളുള്ള ഈ കൃതി,
ഇതിലെ കഥാനായകന്റെ ആയോധനവൈദഗ്ദ്ധ്യത്തി
നെന്നപോലെതന്നെ, ഗ്രന്ഥകാരന്റെ കവനകലാകുശല
തയ്ക്കും ശാശ്വതമായ ഒരു ലക്ഷ്യമായിരിക്കുന്നതാണ്.

കോട്ടക്കൽ
1103 മിഥുനം 32-ാംനു } പി. വി. കൃഷ്ണവാരിയർ.

UNIV... APR. 1929 MADRAS

# ഒരു വീരവിനോദം

മാർത്താണ്ഡവർമ്മനൃവരന്റെ മഹാപ്രതാപ-
മാർത്താണ്ഡദീപ്തിയുടെ ശക്തിവിജൃംഭണത്താൽ
ധൂർത്താരിവീരജനശുഭ്രയശോവിലാസ-
വാർത്താസരിത്തുകളണങ്ങിവശായി മേന്മേൽ. ൧

'അച്ഛന്റെ നാടിനു മകനവകാശ'മെന്നു
ഉച്ഛ്രതമാം നവവാദവലാഹകങ്ങൾ
സ്വച്ഛന്ദമന്നു വിഹരിച്ചതുകൊണ്ടു വേഷ-
പ്രച്ഛന്നനായ് നരവരൻ നടകൊണ്ടു നീളേ. ൨

വമ്പിച്ച തന്റെയധികാരമെടുത്ത പപ്പു-
ത്തമ്പിപ്രമാണിയുമയാളുടെ തമ്പിതാനും,
തുമ്പിക്കരത്തിൽ മടൽപോലെയൊടിഞ്ഞു, ഭൂമി-
കമ്പിച്ച കാറ്റിലിലപോലെ തുലഞ്ഞുപോയാർ. ൩

കൂടപ്രവർത്തനപരായണരാകുമെട്ടു-
വീടർക്കെഴുന്നൊരുപജാപവിഷദ്രുമങ്ങൾ
ചോടറ്റു വീണിതു, തടികൾ പിടിച്ചു കെട്ടി-
ക്കൂടക്കിടന്ന കുളുർവല്ലികളോടുകൂടി. ൪

അഷ്ടാലയപ്രഭുകുടുംബിനിമാർക്കു, ജാതി-
ഭ്രഷ്ടാവമാനമുളവാക്കിയ ശിക്ഷയേതും

ശിഷ്ടാശയം കലരുമുത്തമരാം ചരിത്ര-
സ്രഷ്ടാക്കളിന്നുചിതമെന്നു വിധിക്കയില്ല. ൫

ആ മാമരങ്ങളുടെ കൊമ്പുകളാശ്രയിച്ചു
കാമാനുകൂലമിഹ വാണ ഖലദ്വിജന്മാർ
ഹാ! മാരണത്തിലടിയാതെ പിഴച്ചു രാജ്യ-
സീമാബഹിഷ്കരണമാർന്നു പറന്നു പോയാർ. ൬

സാമർത്ഥ്യമോടു ധരണീരമണന്നു സർവ്വ-
സാമന്തരേയുമൊരുപോലെയടിച്ചൊതുക്കാൻ
രാമയ്യരായിതു രണപ്രിയമന്ത്രിവീരൻ
രാമന്റെ താതനു സുമന്ത്രരിരുന്നപോലെ. ൭

ക്രൂരന്റെ കുത്തൊഴിയുവാൻ പശുപോലെ, വേഗ-
മാററങ്ങലെങ്ങുമരണാകർത്തൃകൾ പെൺകിടാങ്ങൾ
'ചോററട്ടെ വേണ്ടപടി തങ്ങളെ'യെന്നു വാശ്ശ-
മേററത്തിൽ വഞ്ചിപതിയെശ്ശരണീകരിച്ചാർ. ൮

വാണിജ്യലാഭഘനവാഞ്ഛയൊടെത്തി,യൂഴി
വാണിട്ടു പോവതിനൊരുങ്ങിയ ഡച്ചുകാരെ
കാണിക്കമാത്രമകൃപം വിരട്ടതിരിട്ടു, "മക്കം
കാണിച്ചിതീ"നൃപതി സാഗരസംഗരത്തിൽ. ൯

വാശിക്കിടഞ്ഞ വലവൈരിസമാനവീര
ഛേശിങ്ങനാട്ടരചനാശു പരാജയത്താൽ
ക്ലേശിച്ചു, കേൾവികറപൂണ്ടതു കണ്ടു കൈവാൾ
വീശി സ്വപക്ഷമൊടു ദുഃഖമകത്തറിഞ്ഞാൻ. ൰

ഈയത്ഭുതാക്രമണഘോരമരുത്തടിച്ച
'കായങ്കുള'ത്തിളനിലേശ്ശുമട്ടത്തനാളിൽ;
മായം വെടിഞ്ഞവിടെയുള്ളൊരു മന്ത്രി, രക്ഷോ-
പായങ്ങളാം കൊടിയ കോട്ടകളെച്ചമച്ചാൻ. ൱൭

ഉത്തുംഗബുദ്ധിയെഴുമച്യുതവാര്യർ —— വീര്യ-
സ്സത്തുജ്ജ്വലിച്ചൊരഭിമാനമെഴും ഭടാഗ്ര്യൻ ——
കത്തുന്ന നൂൽത്തിരി വിളക്കിനെയെന്നപോലെ,
മുത്തുള്ള തത്സചിവപീഠമലങ്കരിച്ചാൻ. ൱൮

ധീസാധുസംസ്കരണപൂർത്തി, യതാന്തനിത്യാ-
ഭ്യാസാത്തലാഘവചമൽകൃതചാരുഗാത്രം,
വ്യാസാദിദർശിതപഥപ്രതിപത്തിയേവ-
മാസാദിതാഖിലഗുണങ്ങളണിഞ്ഞു വാര്യർ. ൱൯

താനായിരുന്നു സചിവാധിപനെങ്കിലെന്തു:
സേനാധിനാഥന്റെ ജോലികളും നടത്താൻ
പീനാംസബാഹു പരമോത്സുകനായിരുന്നു;
നാനാമുഖത്വമതിബുദ്ധി വെളിപ്പെടുത്തും. ൱൰

നേരായുരച്ചിളകിടാത്ത നരേന്ദ്രകേത-
ന്മാരായ പൌരരൊട്ടു സൈനികനായകന്മാർ
ഈ രാജമന്ത്രിയെയൊരീശ്വരനെക്കണക്കോർ-
ത്താരാധനശ്ലഥിതരായുരരീകരിച്ചാർ. ൱൰൧

ഈ ഗണ്യപൂരുഷനെഴും മഹിതസ്വരാജ്യ-
രാഗപ്രതീതി തെളിയിച്ചതു രണ്ടുകൂട്ടം:—

ത്യാഗം തുലോം സ്വവിഷയാഭ്യുദയശ്രമത്തിൽ;
പ്രാഗല്ഭ്യമോടവനിഭരണക്രമത്തിൽ. ൰൩

കോളംബകാശ്യപി ലഭിച്ചതു വഞ്ചിപാശാ-
ഡോളയ്ക്കൊരായമളവാക്കി യഥേഷ്ടമാടാൻ;
നീളംകലർന്നടവി കണ്ട മൃഗേന്ദ്രനെത്ര-
നാളങ്ങടങ്ങിയമരും നിജഗഹ്വരത്തിൽ? ൰൪

അന്യാർത്ഥസഞ്ചിയൊരു ചോരനെയെന്നപോലെ,
ധന്യാംഗിയാളൊരു യുവാവിനെയെന്നപോലെ,
വന്യാശപോലെ മൃഗരാജനെയുത്തരാശാ-
വന്യാശയച്ചരിവു വഞ്ചിപനേ വലച്ചു. ൰൫

'തോവപ്പള്ളിപ്പിഴലു'മഷ്ടമുടിക്കടുത്ത
കായൽക്കരയ്ക്കു 'മധുരാ'കൃതിയാർന്ന ദിക്കിൽ,
'കായങ്കുള'ക്കുളർമലർക്കുള'മന്നരാജ'-
നായ നൃപന്റെ ഹൃദയത്തെ വശീകരിച്ചു. ൰൬

മന്ത്രങ്ങളാലുമതുപോലെയനേകരാജ്യ-
തന്ത്രങ്ങളാലുമുലകായതു കീഴടക്കാൻ,
യന്ത്രങ്ങളാലുമഥ നോക്കി പഠിച്ച വിദ്യ
പന്ത്രണ്ടുമാറുമിഹ വഞ്ചിപമന്ത്രിവീരൻ. ൰൭

ചാണങ്ങളും വച്ചരിയ വാളുകളോടു ചാരു
ചാണക്യസൂത്രചലനങ്ങളെയാകെയന്നാൾ,
ആണത്തമേറെയെഴുമച്യുതവാര്യർ, രക്ഷി-
കോണത്തിനാലപഹസിച്ചു ജയിച്ചിരുന്നാൻ. ൰൮

ഹാഹന്ത! വഞ്ചിരമണന്റെ ചമൂസമൂഹ-
വ്യൂഹങ്ങളും പ്രഥമമംഘട്ടരണാങ്കണത്തിൽ,
ദ്വേഷക്ഷതത്തൊടു പലായിതരായി; ദുർവ്വ്യം-
മോഹപ്രധാനഫലമാണഭിമാനഭംഗം. ൰൨

രാമയ്യരാഖ്യമുപസൈനികനാഥനായി-
സ്സാമർത്ഥ്യമോടു പടവെട്ടി, പലായനത്തിൽ
വ്യാമർദ്ദമേററു; രണശൂരതയല്ല വിപ്ര-
ധാമസ്വഭാവഗുണമെന്നതുദാഹരിച്ചാൻ. ൰൩

രംഭാഗണങ്ങളെയറുത്തറിയുന്നപോലെ,
ഡംഭാർന്ന വൈരികളെ വാൾക്കിരചേർത്ത വാശ്മർ
സംഭാവ്യമായൊരു പുനസ്സമരത്തിനുഗ്ര-
സംഭാരമൊക്കെ വഴിപോലെ സമാഹരിച്ചാൻ.

ചീറുന്ന രണ്ടുകടവാളു വിക്ഷോഗ്രമൂർച്ഛ-
യേറുന്നതാമസികളാകുമഹീശ്വരന്മാർ,
നൂറുക്കു നൂറിനു കണക്കു മുഴക്കെയുള്ളിൽ-
ക്കൂറുള്ളതാം കുടിലിലൊക്കയുമുത്ഭവിച്ചു. ൰൪

ലന്തപ്രമാണികളുമായൊരു സഖ്യമേറെ-
യന്തഃപ്രഹർഷമൊടു ചെയ്തഥ മന്ത്രിവീരൻ
ചന്തംപെടും വലിയ തോക്കുകൾ വാങ്ങി, നീണ്ട
കുന്തങ്ങളും കുറവുവിട്ടിഹ ശേഖരിച്ചാൻ. ൰൫

പ്രാസങ്ങ,ളാ പ്രഥിതദീർഘകരാളചന്ദ്ര-
ഹാസങ്ങൾ, ശക്തികലരുന്ന ശരാസനങ്ങൾ,

ഭാസപ്രയോഗവിഭവാളിയിതൊക്കെയേക-
മാസത്തിനുള്ളിലിഹ സംഗതമായ്ക്കഴിഞ്ഞു. ൨൭

രണ്ടാമതും പഴയമാതിരി ഘോരയുദ്ധ-
മുണ്ടാകുമെന്നൊരു വിളംബരമംബരത്തിൽ
പണ്ടാപതിച്ച "തലതല്ലിയ" തീവ്രദുഃഖ-
ഖണ്ഡാരവത്തിനെതിരായ് ജനരാശി കേട്ടു. ൨൮

മത്തേഭനേർണ്ണമധുപാനമിയന്നുവെന്നാ-
ലുത്തേജനം വരുവതെങ്ങനെ?യാവിധത്തിൽ
ചിത്തേ പുരാ പരിഭവത്തൊടിരുന്ന വീര-
വൃത്തേശരാം ഭടരുമീവിളി കേട്ടുണർന്നാർ. ൨൯

വന്മാനി വഞ്ചിവരമന്ത്രിയുമൊന്നൊരുങ്ങി-
പ്പിന്മാറിനിന്നു, പുലിപോലെ പുതുശ്രമങ്ങൾ
മുന്മാതിരിക്കഥ തുടങ്ങി തുലോം, ജയശ്രീ-
പൊന്മാല മാറിലണിയുന്നതിനാഗ്രഹത്താൽ. ൩൰

പോരാടുവാൻ നിജഭടാവലി മാത്രമായാൽ
പോരാ തനിക്കിനിയുമെന്നു ധരിച്ചു വിപ്രൻ
പേരാർന്ന വഞ്ചിയുടെ ദക്ഷിണദിക്കിൽവാഴു-
ന്നാരാട്ടുമായുടനുടമ്പടിയൊന്നു ചെയ്യാൻ. ൩൧

ആറായിരം മറവരായ മൃഗങ്ങളെത്താൻ
തീരായി വാങ്ങി രണഹോമതടാഗ്നിയിങ്കൽ,
മാറാടിയാഹുതി കഴിപ്പതിനായൊരുങ്ങി
മാറാതെ മന്ത്രിമണിയായ മഹീസുരാഢ്യൻ. ൩൨

രാമയ്യരായതിനുശേഷമവശ്യസേനാ-
ന്യോമക്രമീകരണമാം വിഷയത്തിനുള്ളിൽ,
കാമം മനസ്സു ചതുരംഗവിചിത്രലീലാ-
സാമർത്ഥ്യമോടധികമൂന്നിയുറച്ചിരുന്നാൻ. ൯൩

ഈ മന്ത്രിപുംഗവനിതിൽപ്പരമത്ര യുദ്ധ-
സാമഗ്രിസംഭരണ,മാ രണമാടിടുമ്പോൾ,
ക്ഷാമംവരാത്തപടി ചെയ്തു; വിവേകബുദ്ധി-
സാമർത്ഥ്യമാണ്മകരണീയമറിഞ്ഞിടുന്നു. ൯൪

ന്യൂനാംശമേതുമുളവാകരുതെന്നുറച്ച്
സേനാധിനാഥനുടെ സേവനകൃത്യഭാരം
താനാചരിച്ചിതു, ജയാപജയോപലബ്ധി
സേനാധിപത്യഗുണദോഷനിദാനമല്ലോ. ൯൫

സംസ്ഥാനവിസ്തൃതിയൊടാത്തമഹാധികാര-
സംസ്ഥാപനത്തിനുതകീട്ടൊരുദ്യമത്തിൽ,
പ്രസ്ഥാനമാർന്ന സചിവന്നു, നവീനയുദ്ധ-
പ്രസ്ഥാനനാളിലനുമോദനമേകി ഭൂപൻ. ൯൬

പൊക്കംപെട്ടും തിരുവനന്തപുരത്തുനിന്നു
തക്കത്തിലിപ്പെരിയ വാഹിനി പാഞ്ഞിടുമ്പോൾ
വക്കത്തു നില്ക്കുമവനീരുഹമന്ദിരങ്ങൾ-
ക്കൊക്കക്ഷണത്തിലൊരുലച്ചിലുദിച്ചുപോയി. ൯൭

നില്ക്കാതെ പാഞ്ഞൊഴുകി വാഹിനി നീങ്ങിയുള്ളു
നല്ക്കായലായിട്ടുമൊരഷ്ടമുടിക്കടക്കൽ

തല്ലാലമെത്തി,യൊരു കാമിനിപോലെ, കാന്ത-
സല്ലാരമേററ സുഖമാരുതവീജനത്താൽ. ൩൮

നേ,രക്കരെല്ലു നെടുതാം പടയോട്ടുകൂടി-
ഝീരക്കു ധീരമണിയച്യുതവാര്യവര്യൻ
ദൂരസ്ഥവൈരിയുടെ ഗന്ധമറിഞ്ഞു സിംഹ-
വീരന്റെ ജാഗ്രതകലർന്നിര കാത്തിരുന്നു. ൩൯

നാലാറുനാളിഹ തടാകതരംഗലീലാ-
കോലാഹലാപഹൃതമാനസരാം ഭടന്മാർ
മേലാലെഴും കൊടുരണത്തിനു നാന്ദിയെന്ന-
പോലാസ്വദിച്ചു പുരുശാന്തിയശ്രുതപൂർവ്വം. ൪൦

രായിക്കു രാപ്പുറമൊരത്ഭുതസംക്രമത്താൽ
പായിട്ട വഞ്ചികളിൽ വഞ്ചിപസൈന്യപാലൻ
പായിച്ചു തന്റെ പടയാളികളെക്കടത്താ-
നായി ശ്രമിച്ചതു ഫലിച്ചിതു ദൈവയോഗാൽ.

രാമയ്യരത്തുമൊരു സേതുസഹായമെന്യേ
രാമന്റെ സേനകളൊടംഗദനെന്നപോലെ,
ക്ഷേമത്തിലക്കര കടന്നതു തീക്ഷ്ണബുദ്ധി-
സാമർത്ഥ്യമെന്നു കരുതുന്നു ചരിത്രകാരൻ. ൪൨

സാധിച്ചു ദുർവ്വഹമൊരുത്തമകാര്യമൽക്ക-
ടാധിക്കു വൈരികളിലാസ്പദമെന്ന സത്യം,
ബോധിച്ചുനിന്ന ഭടരെബ്ഭയമേറമാറ
ബാധിച്ചു തൽക്ഷണമരാതിചമൂസമൂഹം. ൪൩

ഒന്നിച്ചിറങ്ങിയണിനില്ക്കുവതിന്നു മുമ്പിൽ
കുന്നിച്ച ശക്തിയൊടു ശത്രുവെതിർത്തമൂലം,
പന്നിക്കു കൂർത്ത ശരമേററതുപോലെ, ചീറി
നിന്നിട്ടു വഞ്ചിഭടർ കാട്ടി പരാക്രമങ്ങൾ. ൨൨

എല്ലാവരേയുമൊരുമിച്ചൊരപായലേശ-
മില്ലാതെയിക്കര കടത്തിയ കൌശലത്താൽ,
വല്ലാതെതിർത്ത രിപുസംഖ്യയിലഞ്ചിരട്ടി-
യല്ലായിരുന്നു പടയാളികളീ വശത്തിൽ. ൨൩

വഞ്ചിക്കിറങ്ങിയവരോടു വഴക്കടിച്ചി-
തഞ്ചിന്നൊരാളുവിധമത്ഭുതവിക്രമന്മാർ,
വഞ്ചിക്ഷമാരമണസൈനികതീവ്രശക്തി-
യഞ്ചിക്കുമാററലരെയാശു ചെറുത്തു മേന്മേൽ. ൨൪

പഞ്ചാസ്യരാമഹിതരേ മഹിഷങ്ങൾ, ധീര-
പഞ്ചായുധാരിഭടരേ യമകിങ്കരന്മാർ,
പഞ്ചാബ്ധിമാരെയഥ ഫ്രഞ്ചരുമെന്നപോലെ-
യഞ്ചാതെയീമറവർ മാററലരെത്തടഞ്ഞാർ. ൨൫

തോളോടുതോളുരസിനിന്നിരുമൂർച്ചയുള്ള
വാളോങ്ങി വാര്യരുടെയുൽഭടരാം ഭടന്മാർ
താളോടു സന്നിഭമറുത്തു മുറിച്ചു തള്ളി-
യാളോഹരിക്കു മറവർക്കിയലും ഗളങ്ങൾ. ൨൬

മണ്ണാത്രയും മറവരേ മരസൈന്യമാകു-
വണ്ണം തകർത്തതാലിനിണപ്പുഴകൊണ്ടു മൂടി;

എണ്ണത്തിനില്ല കുറവെങ്കിലു;മെന്തു? കൂറ്റൻ
കൊണ്ണത്താടിത്തലയരങ്ങിവരൊട്ടസംഖ്യം. ൪൯

തോക്കൂന്നിവെച്ച വെടിയേററു മറിഞ്ഞുവീണു
പോക്കുള്ളവർക്കു പകരം പക തൂക്കമേന്തി
ഊക്കുള്ള മററു ഭടരേററിതു; കക്ഷി രണ്ടും
തോല്ക്കുന്നുമില്ലിഹ ജയിപ്പതുമില്ല പോരിൽ. ൫൦

മെച്ചത്തിലാഴിയലപോലെയുലച്ചലച്ചും
മുച്ചത്തിലേറിയു,മിറങ്ങിയുമിത്തരത്തിൽ
ഉച്ചപ്പുറം തിരിയുവോളവുമീ വിശേഷി-
ച്ചുച്ചണ്ഡമാം സമരമല്ലടമായ് നടന്നു. ൫൧

സ്ത്രീത്വസ്വമാതൃവത്സലാപ്രണയാതിരേക-
ജാതസ്വഭാവധൃതിയെങ്ങു? ധനാശയെങ്ങോ?
ചേതസ്സിലീവികൃതി രണ്ടുമഹോ! ഗജാജ-
പോതങ്ങൾപോലെയകലെക്കൂടികൊണ്ടിടുന്നു. ൫൨

ഈ മത്സരത്തിലരിവർഗ്ഗചരിത്രവർണ്ണ്യ-
സാമർത്ഥ്യവും, മറവർ കാട്ടിയ“മട്ടു” മപ്പോൾ
രാമയ്യർ കണ്ടു രണമാശു നിറുത്തിവെയ്ക്കാ-
നാ മന്ത്രിപുംഗവനു കാംക്ഷയുദിച്ചിതുള്ളിൽ. ൫൩

ധീവാഞ്ഛര, ധീരപുരന്ദരഗണനാഥനാകു-
മാ വാര്യരെജ്ഝടിതി ചെന്നുവിധിച്ചുകൊൾവാൻ
ഭൂപാലകന്റെയൊരു ദൂതനന്തൊന്നശാന്ത-
ഭാവാന്വിതം കുതിരമേൽക്കയറിപ്പറന്നാൻ. ൫൪

"ആതങ്കമററഭയകക്ഷികളും, സമഗ്ര-
സ്വാതന്ത്ര്യമോടിനി വിരോധമകന്നിരിപ്പാൻ
ചേതസ്സിണങ്ങിയൊരുടമ്പടി ചെയ്തു"എന്ന
ദൂതന്റെ വാക്യമഥ വാര്യരുമാദരിച്ചു. ൩൨

ആകമ്രസംഗരവിരാമപാതകെ, തീവ്ര-
ശോകഭ്രമക്ഷുഭിതമായ മനോരഥത്തിൽ
നാകപ്രശാന്തരുചിപോലെ തെളിഞ്ഞു സേനാ-
ലോകത്തിലങ്ങനെ തിളങ്ങി വിളങ്ങി മേന്മേൽ. ൩൩

കൂടാതെ, യുദ്ധമടനത്ര നിറുത്തിവെച്ചാ-
നീടാർന്ന ഗായകർ ശമാത്മകസുസ്വരത്തിൽ
പാടാൻ തുടങ്ങി, പരികമ്പിതമാം വനത്തിൽ-
ക്കൂടാർന്ന പൈങ്കിളികൾപോലെയിരുന്നു പിമ്പിൽ. ൩൪

അദ്ധ്യന്യലക്ഷണമറിഞ്ഞവധാനപൂർവ്വ-
മിദ്ധപ്രഭാവരിരുകക്ഷികളും ക്ഷണത്തിൽ,
യുദ്ധത്തിൽനിന്നു വിരമിച്ചു; സമാധിപൂർണ്ണ
സിദ്ധൻ ഭവച്ചുഴിയിൽനിന്നൊഴിയുന്നപോലെ. ൩൫

കാലോചിതം രണവിരാമമുദിച്ചു; സന്ധി-
യാലോചനക്കൊരു സഭാസദനം വിശേഷാൽ
ആലോകനീയമുളവായിതു, സൈന്യശില്പി-
ജാലോപകൢപ്തവിപുലാശയവൈഭവത്താൽ. ൩൬

ഏകാഭിരാമധവളാംബരശാല, യത്ര-
ത്യാകാരനീലതൃണഭൂഷിതഭൂതലത്തിൽ

രാകാതുഷാരകരബിംബസിതാരവിന്ദ-
മാകാശവാപികയിലെന്ന വിധം വിടിൻറു. ൱൩

കൂടാരചന്ദ്രനുടെ ചുററമതിന്റെ ഭംഗി-
കൂടാനൊളിക്കളിർമലക്കൊടിവേലിയെകട്ടൽ
ഈടാർന്ന നവ്യപരിവേഷവുമായി, താരാ-
വാടാവിളക്കുകളുമായിതു വാലമ്പുടന്മാർ. ൱൪

ആ രമ്യമാം നവസഭാസദനപ്രധാന-
ദ്വാരത്തിലുള്ള വലുതായ വളച്ചുവാതിൽ
വാരഞ്ചിട്ടും പല നിറത്തിലിരുന്ന മഞ്ജു-
ഹാരങ്ങളിട്ടു മഴവില്ലിനു തുല്യമായി. ൱൫

വെള്ളിപ്പടക്കലവിയുള്ള സഭാഗൃഹത്തി-
നുള്ളിൽപ്പെട്ടതൊരു മനോഹരമണ്ഡപത്തിൽ
പുള്ളിപ്പുതപ്പുവിരിയിട്ടിരുപാരുവട്ട
കൊള്ളിച്ചിരുന്നു സചിവർക്കൊരുപോലിരിക്കാൻ.

വാരാന്നിരിപ്പിടമൊടേററമടുത്തു വെള്ളി-
നാരായവും ചുഴിയുമോലകളും തരത്തിൽ
നേരായുടമ്പടി കുറിപ്പതിനായൊരുക്കി
നീരാളകമ്രവസനോപരി വച്ചിരുന്നു. ൱൬

ശ്രീമണ്ഡിതോന്നതതലത്തെ വളഞ്ഞുദീർണ്ണ-
ശ്യാമദ്രുമാങ്കിതനിതംബമൊടൊപ്പമായി,
ആ മണ്ഡപത്തിനുടെ ചുററിനുമത്ര പച്ച-
പ്പൂമഞ്ജുളപ്പരവതാനി വിരിച്ചിരുന്നു. ൱൭

ഭൂലോകമോഹനസഭാലയമാസ്ഥു സന്ധി-
കാലോചനാവിഷയസജ്ജകമായ നാളീൽ
ആ ലോകസാക്ഷിയുടെയാഗമമായി, ണങ്ങി
ലീലോക്തി തങ്ങളിലുരച്ചിതു വിപ്രവര്യർ. ൯൬

ആസന്നമൈത്രിയുടെ സൂചകമായി, മന്ദ-
ഹാസം വഹിച്ചരിയ വാഹിനിതൻമുഖങ്ങൾ
ആസക്തികാട്ടിയുപശാന്തിയി; ലാർദ്രരാഗ-
വാസസ്സുഷഃപ്രകൃതിദേവതയും ധരിച്ചാൾ. ൯൭

ആ ശാന്തമായ ദിവസപ്പുലർവേളയിങ്ക-
ലംശാനുകൂലമഭിരാമസഭാലയത്തിൽ
ദേശാധിനാഥയുഗമന്ത്രികൾ നവ്യസന്ധി-
പാശാനുബന്ധരചനാപരരായണഞ്ഞാർ. ൯൮

രാമാച്യുതാഖ്യ——രഭിവാഞ്ഛിതസന്ധിയിങ്കൽ
സീമാവിഹീനകുതുകോല്ലസിതാകുലന്മാർ——
ധീമാനരപ്പതിന്നു, ശുക്രഗുരുക്കൾപോലെ,-
യാ മാന്യപീഠയുഗളത്തെയലങ്കരിച്ചാർ. ൯൯

ഒന്നിച്ചുകൂടിയുഭമന്ത്രികൾ നല്ല വെള്ളി-
ക്കുന്നിന്നു ചന്ദ്രകിരണങ്ങൾ കണക്കെ ചുറ്റും
അന്നിസ്സദസ്സിനഭിരാമത ചേർത്തു, തങ്ക-
ക്കുന്നിന്നു സൂര്യനുടെ രശ്മികളെന്നപോലെ. ൱

ഉന്നിദ്രമോദമൊട്ടുമുദ്ധതഭാവമുള്ളിൽ
കുന്നിച്ചിരിക്കുമുഭസൈനികനായകന്മാർ,

വന്നിസ്സഭയ്ക്കു ബഹുമാന്യതകൂട്ടി, കാട്ടു-
കുന്നിന്നു ചീരമൃഗരാജഗണങ്ങൾപോലെ. ൬൫

ദ്വീപിന്നു നാലുവശവും വലുതായിളക്കം
വ്യാപിച്ചതായ തിരമാലകളെന്നപോലെ,
പ്രാപിച്ചു വാജിഭടർ വസ്ത്രനികേതനത്തിൻ-
ദീപിച്ചിട്ടും പരിസരങ്ങളിലെങ്ങുമപ്പോൾ. ൬൬

നെഞ്ചോടിയുൽക്കടവികാരവിചാരതീക്ഷ്ണ-
സഞ്ചാരമാർക്കമല്ലവായിട്ടുമാവിധത്തിൽ
അഞ്ചാറുനാഴിക പരസ്പരവാഗ്വിവാദ-
മഞ്ചാതെകണ്ടുഭയകക്ഷികൾ ചെയ്തിരുന്നാർ. ൬൭

സൂത്രം ധരിച്ച സചിവാഗ്രണി, രാജ്യതന്ത്ര-
സൂത്രത്തിനാലിഹ രചിച്ച വലക്കുരുക്കിൽ
മാത്രയ്ക്കുനേരവുമടിഞ്ഞുഴലാതെയന്തർ-
ന്നേത്രപ്രകാശമിയലും പ്രതിയോഗി നിന്നാൻ. ൬൮

ശ്രേയസ്സിനാസ്സകലമേകനിദാനമായി-
സ്വീയസ്വാതന്ത്ര്യഭരണാഭരണാവകാശം,
കായംകുളത്തവനി വിട്ടുകൊടുക്കയില്ലെ-
ന്നായസ്സശങ്കമൊരുപാധി രചിച്ചു വാഴ്ന്നർ. ൬൯

ആമൂലചൂഡമിഹ സന്ധിയിലെങ്ങുമെത്തു-
മീ മൂലതത്ത്വവിപരീതപദപ്രയോഗം
ധീമൂർച്ചയേറിയൊരു വാര്യരവശ്യഭാവി-
ശ്രീമൂലനാശകരമെന്നു പരിത്യജിച്ചു. ൭൰

രാമാഖ്യനാം സചിവനാത്മധരേശനല്പ-
പ്രാമാണ്യമെങ്കിലുമതിപ്പൊരു സന്ധി ചെയ്വാൻ
സാമാന്യമായി നിരൂപിച്ചതു സാദ്ധ്യമായി-
ല്ലീമാതിരിക്കൊരു സമതാവിമർശനത്താൽ. ൧൭

ഉദ്ദേശമിങ്ങനെയുടഞ്ഞതുകൊണ്ടതൃപ്തി-
യദ്ദേഹമുള്ളതു മറച്ചു മഹാസമർത്ഥൻ
ഹൃദ്ദേശസീമനി, യുടമ്പടി പൂർത്തിയായി;—
തദ്ദേശനാഥരുടെ മുദ്രകളുല്ലസിച്ചു. ൧൮

ഏവം നവീനമൊരു സന്ധി നടന്നു; മിത്ര-
ഭാവം കലർന്നുഭയകക്ഷികളക്ഷണത്തിൽ
ആ വൻപെരുമ്പറ മുഴക്കി; മദാട്ടഹാസാ-
രാവത്തൊടദ്ദിവസമുത്സവമായ്ഗ്ഗണിച്ചു. ൧൯

"ശ്രീമൻ, ഭവാൻ—" അരുളി വാസ്കരൊട്ടഴിദേവ,—
"ഈമംഗളാവസരമഞ്ജുമഹാമഹത്തിൽ,
കാമം ഭവാന്റെ വിളികേട്ടൊരനന്യയുദ്ധ-
സാമർത്ഥ്യമൊന്നു കളിയായിഹ കാട്ടിയാലും". ൨൦

വാക്കൊന്നു കേട്ടരുളി വാസ്ക്; "ഇതെന്തു നേരം-
പോക്കാണുരപ്പതു ഭവാനവനീസുരേന്ദ്ര!
കാക്കാലനല്ല കപിപോലെ കിടന്നുതുള്ളാ-
നിക്കാലമിക്കിഴവനെങ്ങനെ സാദ്ധ്യമാകും? ൨൧

"എന്നാലുമങ്ങനെ ഭവാനഭിലാഷമുണ്ടി-
തെന്നാകിലെന്നുടയ കായികകൗശലത്തിൽ,

ഒന്നായവണ്ണമിഹ കാട്ടുവ,നത്രമാത്രം
നന്നാകുമെന്നു നിരൂപിക്കുക വേണ്ടതാനും. വൃ.

“മുന്നൂറു വാജിഭടരോടൊരുമിച്ചുകൂടി
വന്നൂക്കെഴുന്നൊരു ഭവാനിവനോടെതിർത്താൽ
എന്നാറുമാറിടുകയ,ല്ലവരെത്തടുത്തു-
ന്നിന്നൂർജ്ജിതത്തൊടു പൊരുന്നതു കാട്ടിടാം ഞാൻ.”

ചിത്താനുമോദമൊടു കേട്ടിതു നർമ്മയുദ്ധ-
വൃത്താന്തമന്നു പരമോത്സുകരായ് ജനങ്ങൾ,
എത്താൻ തുടങ്ങിയതു കാണുവതിന്നു; പൂർണ്ണ-
വൃത്താകൃതിക്കിവരിരുന്നു കളിസ്ഥലത്തിൽ. വൃ.

എല്ലാവരും പ്രകൃതയുദ്ധവിചാരകശ്ശ-
സല്ലാപസംഭൃതകുതൂഹലരായിരിക്കെ,
നല്ലാഭയുള്ള തുരഗങ്ങളിലേറി മുന്നൂ-
റല്ലാസമാർന്ന ഭടരങ്ങണിയിട്ടണഞ്ഞാർ. വൃ.

വാലാട്ടിയും, തലകിളർത്തിയു,മൂക്കെഴുന്ന
കാലാഞ്ഞടിച്ചു പൊടിപാറിയു,മാനനത്തിൽ
ചേലാർന്നണിഞ്ഞ കടിഞാണിളകുന്ന മഞ്ജു-
കോലാഹലത്തൊടു ഹയങ്ങളൊരുങ്ങിനിന്നു. വൃ.

ആപാദകഞ്ചുകമൊരു ചട്ട ധരിച്ചു, വഞ്ചി-
ട്ടോപക്കശോഭനകിരീടമെഴും ഭടന്മാർ,
ശ്രീപാരമുള്ള തുരഗങ്ങളിലേറി, വാളിൻ-
വ്യാപാരവൈദഗ്ദ്ധ്യലസദ്രുചി ചേർത്തിരുന്നാർ. വൃ.

ഭൂയിഷ്ഠശക്തിയെഴുമായവരെ നയിപ്പാ-
നായിട്ടു തന്റെ തുരഗത്തെ മുറുക്കി വേഗം
പായിച്ചു രംഗഭുവി വന്നുകഴിഞ്ഞു നേതാ-
വായിത്തദാ സചിവനായ ധരാസുരേന്ദ്രൻ. ൯൭

അന്തസ്സോടാജ്ഞകൾ കൊടുത്തിതു മന്ത്രി, നല്ല
ചന്തംപെടും വിവിധചംക്രമണക്രമങ്ങൾ
അന്തഃപ്രഹർഷമൊടു ചെയ്തു; ജനാവലിക്ക-
ന്നെന്തത്ഭുതം പ്രകൃതസൈന്യമുയർത്തിയില്ല!! ൯൮

ബാഹത്തെ വാഹമൊടു ചേർത്തണിയിട്ടു, ശത്രു-
ദേഹത്തെയുള്ളിലുശിരോടു പരിഗ്രസിപ്പാൻ
ഊഹത്തെ വെല്ലുമൊരു രാവണദുർഗ്ഗവക്ര-
വ്യൂഹം ചമച്ചുതൊട്ടുവിൽക്കുതിരപ്പടക്കാർ. ൯൯

സന്നദ്ധരായിതവരിങ്ങനെ, യാത്മവേഷ-
ഭിന്നസ്വഭാവമൊടു വിശ്രുതനായ വാര്യർ
തന്നശ്വമേറിയെതിരായിഹ വന്നു, തന്റെ
മിന്നൽക്കളിപ്പരിശ മാത്രമെടുത്തു കയ്യിൽ. ൱

നേരിട്ടു മൂന്നുശതമശ്വഭടർക്കു, തന്നെ-
പ്പോരിൽപ്പടുത്വമൊടു വെട്ടി വധിച്ചു കൊൾവാൻ,
ഭൂരിപ്രശാന്തിയൊടു സമ്മതമേകി, വീര-
നൂരിപ്പിടിച്ചസിനിരക്കിടയിൽക്കടന്നാൻ. ൱൧

വെട്ടുന്ന വെട്ടുകളൊഴിച്ചു തുരംഗമത്തെ
വിട്ടും, തനിക്കൊഴിയുവാനരുതാത്ത ദിക്കിൽ,
ഒട്ടുക്കു തൻപരിചകൊണ്ടു തടുത്തു, മൈക്കെ-
ക്കൊട്ടും സദസ്സിനുടെ സംസ്തുതി വാങ്ങി വാര്യർ. ൱൨

സേനാവ്യൂഹത്തിലരിസ്സ്ഥായമവിടവിടെ-
    പ്പുക്കു വൂമിന്നലോടൊ-
ത്തുനാദോപേതം തെളിഞ്ഞും, ഖുരദളിതരജോ-
    മേഘസംഘത്തിനുള്ളിൽ
താനാകെക്കപ്പോയ് മറഞ്ഞും, പുനരപി പുത്തുതാ-
    യുല്ലസിച്ചങ്ങു വിനോദ-
സ്ഥാനാരാമത്തിലെങ്ങും വിലസി രണവിദ-
    ഗ്ദ്ധാധിപൻ വീരവീരൻ. ൨൪

മുങ്കോപത്തോടെതിർക്കും ഭടരുടെ കരവാ-
    ളേററുപോകാതെ, കയ്യിൽ-
ത്തങ്കോലത്തെ മറച്ചുംപടി പരിച പിടി-
    ച്ചായതിൻ ഛായയിങ്കൽ
സങ്കോചിപ്പിച്ചു നന്നായ്, സമരലഹളയിൽ
    സ്സഞ്ചരിപ്പിച്ചിതാരാ-
ലുങ്കോലും തൻ്റെയോമൽക്കുതിരയെയമരാ-
    ട്ടങ്ങിലഭ്യാസിവര്യൻ. ൨൫

മാറിയും, മറികടന്നു,മോടിയു,മൊഴിഞ്ഞു
    മങ്ങു കുതിരപ്പുറ-
ത്തേറി നാലുവശവും വളഞ്ഞാരെതിരാളി-
    മാരുടെ കരങ്ങളിൽ
ചീറിട്ടന്നസികളേററിടാതെ തരസാ വി-
    നോദരണഭൂമിയിൽ-
ച്ചേററിട്ടും പൊടിയണിഞ്ഞുകൊണ്ടു പടവെ-
    ട്ടിനാൻ പരപുരന്തപൻ. ൨൬

വാശികൂടിയൊരു വഞ്ചിരാജവരവാജിട്ടു
സൈന്യപതി വാര്യരേ
വീശി വീഴ്ത്തുവതിനാജ്ഞ വീരഭടസഞ്ച-
യത്തിനരുളീടിനാൻ;
പാശിപോലെ പവനപ്രചോദനമിയന്ന
നേരമുടനപ്പുമ്പ-
രാശി ചണ്ഡത വഹിച്ചുയർന്നൊരു പടാര-
വം ദിശി മുഴക്കിനാർ. ൬൭

നാനാചംക്രമണത്തിനാൽകുതിരയേ
രക്ഷിച്ചു,മന്യാദൃശാ-
ഭ്യാസബലത്തിനാൽ സ്വകശരീ-
രമെത്തസ്സ്വതന്ത്രാശയൻ,
പീനാന്തസ്സോടു കാത്തു,മങ്ങനെ കളി-
ച്ചന്നാളൊടുക്കം മഹാ-
സേനാവ്യൂഹമുടച്ചുവിട്ടു വെളിയിൽ-
ച്ചാടീ തെളിഞ്ഞീടിനാൻ. ൬൮

ന്നിന്നു യുദ്ധവിനോദമേവ;മതിലാ-
രാമസ്മരണം, കൂട്ടമാം
മന്നോരാശ്വഭടർക്കുമുണ്ടു പുതുതായ്
തൽഫാലദേശങ്ങളിൽ
അന്നോരാലൊരു പൊട്ടുവീതു;—മിതു ഹാ!
വെട്ടാകുമത്രേ;—മരി-
ച്ചന്നുക്കോട്ടു കളിച്ചതാം കളി തനി-
പ്പോരായിരുന്നീടുകിൽ. ൬൯

ശുഭം.

“വാദ്ധ്യർസംഘം”

# വ്യവസ്ഥകൾ

പേർ:— ഈ സംഘത്തിന്റെ പേർ “വാദ്ധ്യർസംഘം” എന്നാണ്.

ഉദ്ദേശ്യം:— ഇതിന്റെ ഉദ്ദേശ്യം വാദ്ധ്യർ സമുദായത്തിന്റെ അഭ്യുദയത്തിനായി ശ്രമിക്കുകയെന്നുള്ളതാണ്.

## നിയമങ്ങൾ

1. വാദ്ധ്യർസമുദായത്തിൽപ്പെട്ട ആർക്കും ഇതിൽ അംഗമായിരിക്കാം. [ബി. ഫാറത്തിൽ പ്രവേശനഫീസ്സോടുകൂടി അപേക്ഷ കാര്യദർശിയെ ഏല്പിക്കേണ്ടതാണ്.]

2. പ്രവേശനഫീസ് ഒരു രാശി (പത്തു ചക്രം) ആണ്.

3. പ്രവേശനാപേക്ഷകളെ അടുത്ത സാമാന്യയോഗത്തിലോ വിശേഷാൽ യോഗത്തിലോ ഹാജരാക്കേണ്ടതും, ആ യോഗം അതിന്മേൽ തീരുമാനം കല്പിക്കേണ്ടതും ആകുന്നു.

4. പ്രസ്തുതയോഗങ്ങൾക്ക് ഇനിയുമൊരു നിശ്ചയമുണ്ടാകുന്നതുവരെ കുറഞ്ഞതു് പത്തംഗങ്ങൾ ഉണ്ടായിരിക്കണം.

൫. ആണ്ടിൽ മൂന്നു സാമാന്യയോഗം നിർബന്ധിതമാണ്— ചിങ്ങം, ധനു, മേടം ഈ മാസങ്ങളിൽ.

൬. ആവശ്യമെന്നു കാര്യദർശിക്കു തോന്നുകയോ കാരണംകാണിച്ച് അഞ്ചിൽ കുറയാതെ അംഗങ്ങൾ രേഖാമൂലം അപേക്ഷിക്കുകയോ ചെയ്താൽ വിശേഷാൽയോഗം വിളിച്ചുകൂട്ടണം.

൭. യോഗങ്ങളിൽ അംഗങ്ങൾക്കു ഹാജരാകാൻ സൌകര്യമുണ്ടാകത്തക്കവണ്ണം കാര്യദർശി മുന്നറിവുകൊടുക്കണം.

൮. സംഘനടത്തിപ്പിന് അദ്ധ്യക്ഷനും ഉപാദ്ധ്യക്ഷനും കാര്യദർശിയും ഉപകാര്യദർശിയും, ഖജാൻജിയും, ആചാര്യനും ഉപാചാര്യനും കൂടിയ ഒരു നിർവ്വാഹകസംഘം ഉണ്ടായിരിക്കും.

൯. നിർവ്വാഹകസംഘത്തിൽ വോട്ടെടുക്കുന്ന സന്ദർഭങ്ങളിൽ അംഗങ്ങളുടെ സംഖ്യ തുല്യമായാൽ അദ്ധ്യക്ഷന് ഒരു വോട്ടുകൂടെ ഉണ്ടായിരിക്കും.

൧൦. അധികാരങ്ങൾ:—എ. അദ്ധ്യക്ഷൻ—൧. സാമാന്യയോഗത്തിലും വിശേഷാൽ യോഗത്തിലും അദ്ധ്യക്ഷനായിരിക്കുക. ൨. നിർവാഹകസംഘയോഗത്തിൽ അദ്ധ്യക്ഷനായിരിക്കുക. ൩. നിർവ്വാഹകസംഘം വിളിച്ചുകൂട്ടുന്നതിനു താമസം നേരിടുമ്പോൾ പെട്ടെന്നുണ്ടാകുന്ന സംഗതികൾക്കു തീരുമാനംകല്പിച്ചു വേണ്ടതു പ്രവർത്തിക്കുക. (ഇങ്ങനെയുള്ള അവസരങ്ങളിൽ അദ്ധ്യക്ഷന്റെ ആജ്ഞ ലംഘിക്കപ്പെട്ടുകൂടാ).

(ബി) ഉപാദ്ധ്യക്ഷൻ—൧. അദ്ധ്യക്ഷൻ ഉള്ളപ്പോൾ അദ്ദേഹത്തെ സഹായിക്കുക. ൨. ഇല്ലാത്തപ്പോൾ അദ്ധ്യക്ഷനിലയിൽ പ്രവർത്തിക്കുക.

(സി) കാര്യദർശി:—൧. സംഘം സംബന്ധിച്ച സകല എഴുത്തുകുത്തുകളും ചെയ്യുക. ൨. യോഗങ്ങൾ വിളിച്ചുകൂട്ടുക. ൩. പ്രവേശനാപേക്ഷകൾ വാങ്ങി നിർവ്വാഹകസംഘംവഴി സാമാന്യയോഗത്തിലോ വിശേഷാൽയോഗത്തിലോ ഹാജരാക്കുക. ൪. സംഘത്തിലെ വരവുചിലവുകളുടെ ഒരുപ്രതി കണക്ക് സൂക്ഷിക്കുക. ൫. സംഘംസംബന്ധിച്ച റിക്കാർട്ടുകൾ സൂക്ഷിക്കുക.

(ഡി) ഉപകാര്യദർശി:—൧. കാര്യദർശിയെ സഹാ

യിക്കുക. ൨. കാൎയ്യദൎശി ഇല്ലാതെ ഇരിക്കുമ്പോൾ ആ നിലയിൽ പ്രവൎത്തിക്ക.

(ഈ) ഖജാൻജി.—൧. സംഘത്തിലേക്കു വരുന്ന എല്ലാ പണവും വാങ്ങി സൂക്ഷിക്കുക. ൨. അതിനു ശരിയായി കണക്കുവെക്കുക. ൩. ഓരോ സാമാന്യയോഗത്തിലും അതുവരേയുള്ള ഒരു വരവുചെലവുകണക്കിന്റെ ഒരു പ്രതി കാൎയ്യദൎശിയെ ഏല്പിക്കുക. ൪. സാമാന്യയോഗം ആവശ്യപ്പെടുന്ന ജാമ്യം കൊടുക്കുക. ൫. അദ്ധ്യക്ഷനും കാൎയ്യദൎശിക്കും സംഘാവകകൾക്കു വേണ്ടിവരുന്ന ചെലവുകൾ നിൎവ്വാഹകസംഘത്തിന്റെ അനുമതിയോടുകൂടി കൊടുത്തു രശീതി വാങ്ങുക. ൬. യാതൊരു കരാറുംകൂടാതെ വരുന്ന സംഭാവനകളും സ്വീകരിച്ചു രശീതികൊടുക്കുക. ൭. മറ്റു സംഭാവനകളെ സാമാന്യയോഗത്തിന്റെയോ വിശേഷാൽ യോഗത്തിന്റെയോ അനുമതിയോടുകൂടി സ്വീകരിക്കുക.

(എഫ്) ആചാൎയ്യനും, ഉപാചാൎയ്യനും:—൧. നിൎവ്വാഹകസംഘത്തിന്റേയും പെട്ടെന്നുണ്ടാകുന്ന സംഗതികളിൽ അദ്ധ്യക്ഷന്റേയും തീൎച്ചയനുസരിച്ചു ക്രിയാദികൾ നടത്തിക്കൊടുക്കുക.

൧൧. എല്ലാ കൊല്ലവും സംഘത്തിന്റെ ആദ്യത്തെ സാമാന്യയോഗത്തിൽവെച്ചു നിൎവ്വാഹകസംഘാംഗങ്ങൾ ഒഴിഞ്ഞുപോകേണ്ടതും, ഒഴിഞ്ഞുപോയവൎക്കു പകരം ആ യോഗത്തിൽവെച്ചുതന്നെ ആളുകളെ തിരഞ്ഞെടുക്കേണ്ടതും ആണ്. ഒഴിഞ്ഞുപോയവരെ വീണ്ടും തിരഞ്ഞെടുക്കുന്നതിനു വിരോധമില്ല. ഒഴിഞ്ഞുപോകുന്നവർ ആ യോഗത്തിൽവെച്ചുതന്നെ സംഘംവക പണവും സകല റിക്കാട്ടുകളും പകരം നിയമിക്കപ്പെട്ടവരെ ഏല്പിച്ചു രശീതി വാങ്ങേണ്ടതാണ്.

൧൨. നിൎവ്വാഹസംഘം കൂടുന്നതിനു കുറഞ്ഞതു നാലംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

൧൩. നിൎവാഹകസംഘത്തിലെ അംഗങ്ങൾ അ

വരുടെ കാലം കഴിയുന്നതിനു മുമ്പു ഒഴിഞ്ഞുപോയാൽ അടുത്ത സാമാന്യയോഗത്തിലോ വിശേഷാൽയോഗത്തിലോ പകരം ആളെ നിയമിക്കേണ്ടതാണു്. അങ്ങനെ നിയമിക്കപ്പെടുന്നവർ ഒഴിഞ്ഞുപോയവരുടെ ബാക്കിയുള്ള കാലത്തേക്കുമാത്രമേ അംഗങ്ങളായിരിക്കാൻ പാടുള്ളു.

൧൪. ഈ സംഘത്തിൽ നാലുതരം അംഗങ്ങൾ ഉണ്ടായിരിക്കും.

൧-ാംക്ലാസ്സ് മാസവരി ൪-ചക്രം ൨-ാംക്ലാസ്സ് ൩-ചക്രം
൩-ാംക്ലാസ്സ് ൨-ചക്രം ൪-ാംക്ലാസ്സ് ൧-ചക്രം

൧൫. മാസവരി ഓരോ സാമാന്യയോഗത്തിനും മുമ്പു അടച്ചു് അംഗങ്ങൾ രശീതി വാങ്ങിക്കൊള്ളേണ്ടതാകുന്നു.

൧൬. കുടിശ്ശികക്കാർ കുടിശ്ശികഫീസ്സ കൊടുക്കേണ്ടതും, അടുപ്പിച്ചു 16 മാസത്തേക്കു കൊടുക്കാതെ ഇരുന്നാൽ സംഘത്തിൽനിന്നും നീക്കപ്പെടുന്നതും ആകുന്നു.

൧൭. ഈ കാരണത്താൽ വിട്ടുപോകുന്ന അംഗങ്ങളെ വീണ്ടും ചേർക്കുന്നതിനു് കുടിശ്ശികയും പ്രവേശനഫീസ്സും മാത്രം ഈടാക്കിയാൽ മതി.

൧൮. അടിയന്തരാദികൾക്കുള്ള അപേക്ഷ അനുബന്ധം (സി)യിൽ കാണിച്ചിരിക്കുന്ന ഫാറത്തിൽ അദ്ധ്യക്ഷനു അയച്ചുകൊടുക്കേണ്ടതാണു്.

൧൯. അപേക്ഷ കിട്ടിയാൽ കാലതാമസം കൂടാതെ അദ്ധ്യക്ഷൻ നിർവ്വാഹകസംഘത്തെ അറിയിക്കുകയും പ്രസ്തുതസംഘം ആവശ്യമുള്ള അംഗങ്ങളെ തിരഞ്ഞെടുത്തു് അടിയന്തരം നടത്തിക്കൊടുക്കുകയും ചെയ്യേണ്ടതാകുന്നു.

൨൦. നിർവ്വാഹകസംഘം അതിന്റെ സകലപ്രവൃത്തികൾക്കും സാമാന്യയോഗത്തോടു് ഉത്തരവാദിത്വം വഹിക്കേണ്ടതാകുന്നു.

൨൧. മിനിട്സ്സും കണക്കും കേട്ടു് പാസ്സാക്കുക, നി

യമങ്ങളെ പരിഷ്കരിക്കുക, മുതലായ സംഗതികളിലും സാമാന്യയോഗത്തിന് അധികാരമുള്ളതാണ്.

൨൨. സംഘത്തിന്റെ പ്രവൃത്തിമാർഗ്ഗങ്ങൾ താഴേ കാണിക്കുന്നവയാണ്:—

1. മതം, 2. സമുദായം, 3. വിദ്യാഭ്യാസം, 4. സാഹിത്യം, 5. വ്യവസായം 6. വ്യവഹാരം, 7. രാഷ്ട്രം.

(രാഷ്ട്രീയകാര്യങ്ങളിൽ സംഘാംഗങ്ങളായ സർക്കാർജീവനക്കാർക്കു ചേരാട്ടില്ല).

## അനുബന്ധം എ.

നിർവ്വാഹകസംഘം:—ഇതിൽ അദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷൻ, സിക്രട്ടരി, ഉപസിക്രട്ടരി, ഖജാൻജി, ആചാര്യൻ, ഉപാചാര്യൻ ഇത്രയും ഉദ്യോഗസ്ഥന്മാർ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

## അനുബന്ധം ബി. അപേക്ഷഫാറം

൧. നമ്പർ, ൨. പേര്, ൩. ഇരട്ടപ്പേര്, ൪. വയസ്സ്, ൫. തൊഴിൽ, ൬. കുടുംബത്തിലെ പ്രധാനാംഗമോ, ഉപാംഗമോ. ൭ പ്രവേശനഫീസ്സും മാസവരിയും, ൮. ക്ലാസ്സ്. ൯. സത്യവാചകം:—“ഇപ്പോൾ വാസ്തർസംഘത്തിൽ ഊർജ്ജിതത്തിൽ ഇരിക്കുന്നതും ഇനിമേൽ ഊർജ്ജിതത്തിൽ വരുന്നതും. ആയ നിബന്ധനകളെ പൂർണ്ണമായി അനുവർത്തിക്കുകയും സംഘോദ്ദേശ്യത്തെ നിർവ്വഹിക്കുന്നതിന് ഈശ്വരൻ സാക്ഷിയായി പ്രവർത്തിക്കുകയും ചെയ്തുകൊള്ളാമെന്ന് ഇതിനാൽ സത്യംചെയ്തുകൊള്ളുന്നു.” ൧൦. ഒപ്പ്.

## അനുബന്ധം. സി. അടിയന്തിരത്തിനുള്ള അപേക്ഷാഫാറം.

൧. അപേക്ഷകന്റെ ക്രമനമ്പർ ൨. അപേക്ഷകന്റെ പേർ. ൩. മേൽവിലാസം ൪. അടിയന്തിരത്തിന്റെ സ്വഭാവം ൫. അടിയന്തിരത്തിന്റെ തീയതിയും, മുഹൂർത്തവും, ൬. ആവശ്യമുള്ള അംഗങ്ങൾ, ൭. അപേക്ഷകന്റെ ഒപ്പ്.

# "വായ്മർസംഘ"ത്തിലേക്കു

## പ്രവേശനാപേക്ഷ

---

പേർ.
ഇരട്ടപ്പേർ.
ഭവനം.
മുറി (ദേശം)
പകുതി. (അംശം)
താലൂക്ക്
അഞ്ചലാപ്പീസ്സ്. (പോസ്റ്റ് ആഫീസ്)
ജനനത്തീയതി. ആണ്ടു, മാസം
തീയതി.

തൊഴിൽ.

കുടുംബത്തിലെ പ്രധാനാംശമൊ ഉപാംശമൊ.

പ്രവേശനഫീസ്സുൾപ്പെടെ അപേ, രൂ ച ക
ക്ഷയോടുകൂടി അടയ്ക്കുന്ന തുക.

ഏതു ക്ലാസ്സു മാസവരി.

ഇപ്പോൾ വായ്മർ സംഘത്തിൽ ഊർജ്ജിതത്തിൽ ഇ
ക്കുന്നതും ഇനിമേൽ ഊർജ്ജിതത്തിൽ വരുന്നതുമായ
ബന്ധനകളെ പൂർണ്ണമായി അനുവർത്തിക്കുകയും സംഘോ
ദ്ദേശത്തെ നിർവ്വഹിക്കുന്നതിനു ഈശ്വരൻ സാക്ഷിയായ
പ്രവർത്തിക്കുകയും ചെയ്തുകൊള്ളാമെന്ന് ഇതിനാൽ സത്യ
ചെയ്തുകൊള്ളുന്നു.

അപേക്ഷത്തീയതി

അപേക്ഷകന്റെ ഒപ്പ്.

17 DEC 1942

MUL
051101